# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2114 — 11/02/2020-ൽ മറുപടിക്ക്

## സാന്ത്വന ചികിത്സ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| എ) | രോഗം പിടിപെട്ടോ അപകടം മൂലമോ കിടപ്പ് രോഗികളായവർക്ക് അരികെ എന്ന പേരിൽ സാന്ത്വന ചികിത്സ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | രോഗ ബാധിതർക്ക് ആശ്വാസവും പരിചരണവും നല്കുന്നതിനായി ഈ സർക്കാർ സാന്ത്വന പരിചരണ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഈ പരിപാടിയുടെ വിപുലീകരണത്തിന്റെ ഭാഗമായി സമഗ്ര സാന്ത്വന വയോജന പരിചരണ പദ്ധതി - 'അരികെ' യുടെ സംസ്ഥാനതല പ്രഖ്യാപനം ഉടനെ നടക്കുന്നതാണ്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളിൽ ഒന്ന് സന്നദ്ധ സംഘടനകളും കമ്മ്യൂണിറ്റിബേസ്ഡ് ഓർഗനൈസേഷൻസ് നടത്തുന്ന പാലിയേറ്റീവ് വയോജന പരിചരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഇതിനായി അവിടത്തെ ഡോക്ടർമാർ, സ്റ്റാഫ് നേഴ്സ് എന്നിവർക്കുള്ള പരിശീലനം, ജില്ലാതലത്തിലുള്ള ഏകോപനം, കൂടുതൽ സംഘടനകളെ ഈ മേഖലയിലേക്ക് കൊണ്ടുവരിക എന്നിവയാണ് . വീട്ടിലെത്തി സാന്ത്വന പരിചരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിലുള്ള രജിസ്ട്രേഷനും പരിശീലനവും നല്കാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെടുന്നുണ്ട് . ജില്ലകളിലെ പ്രധാന ആയുർവേദ, ഹോമിയോ ആശുപത്രികൾ വഴി പ്രത്യേക ഓ.പി കൾ നടത്തിയും ഡോക്ടർമാർക്കും, നേഴ്സമാർക്കും പാലിയേറ്റീവ് പരിചരണത്തിൽ പരിശീലനവും ഇതുവഴി വിഭാവനം ചെയ്തിട്ടുണ്ട് . |
| ബി) | പാലിയേറ്റീവ് രംഗത്ത് കൂടുതൽ വിദഗ്ധ ഡോക്ടർമാർ ആവശ്യമുള്ളതിനാൽ ഇതിനായി മെഡിക്കൽ കോളേജുകളിൽ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ? | ബി) | കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കമ്മ്യൂണിറ്റി മെഡിസിന്റെ ഭാഗമായി വിദഗ്ധ പാലിയേറ്റീവ് പരിചരണ കേന്ദ്രങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ